LIBRARY ARCHIVES Kerala Legislative Assembly

**ചെറുകിട ജലവൈദ്യുതോല്പാദനത്തിന് സ്വകാര്യ പങ്കാളിത്തം**

226 [1168] *ശ്രീ. സ്റ്റീഫൻ ജോർജ്:*

,, *തോമസ് ഉണ്ണിയാടൻ:*

*ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*

*ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുതോല്പാദന കേന്ദ്രങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് പ്രസ്തുത സംരംഭകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം വൈദ്യുതോല്പാദന കേന്ദ്രങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ?

*ഉത്തരം*

(എ) & (ബി) ഉണ്ട്. സ്വകാര്യ സംരംഭകരെ വെള്ളത്തിനുള്ള തീരുവ (Water Cess) നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ക്യാപ്റ്റീവ് പവർ പ്രോജക്ട് വിഭാഗത്തിൽ സംരംഭകർ അലോട്ട്മെന്റ് സമയത്ത് കൊടുക്കേണ്ട അപ് ഫ്രണ്ട് പ്രീമിയവും (Upfront premium) ഒരു മെഗാവാട്ടിന് 10 ലക്ഷം രൂപ എന്ന കണക്കിൽ അലോട്ട്മെന്റ് ഫീസും നൽകിയാൽ മതിയാകും. 30 വർഷത്തേക്ക് BOOT അടിസ്ഥാനത്തിലാണ് പദ്ധതികൾ അനുവദിക്കുന്നത്. ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് അനുപാതമായി ക്യാപ്റ്റീവ് സംരംഭകന് ഡിമാന്റ് ചാർജിൽ ഇളവും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

**മിനിമം ഗ്യാരന്റി വ്യവസ്ഥ**

227 [1169] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*

,, *ഇ. എം. അഗസ്തി:*

,, *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിലിരുന്ന മിനിമം ഗ്യാരന്റി വ്യവസ്ഥ എന്തായിരുന്നുവെന്ന് പറയുമോ; ഈ വ്യവസ്ഥ ഇപ്പോൾ ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മുൻകാലങ്ങളിൽ ഈ വ്യവസ്ഥപ്രകാരം വൈദ്യുതി കണക്ഷൻ നേടിയവർക്ക് ഇനി മുതൽ അവർ ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം വില നൽകിയാൽ മതിയെന്ന് നിഷ്കർഷിക്കുമോ;

GPM. 2/567/2012—33